**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :2170 18. 07. 2 0 1 6 ൽ മറുപടിക്ക്

**ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി**

ചോദ്യം മറുപടി

ശ്രീ. വിൻസെൻറ് പ്രൊഫ. സി.രവീന്ദ്രനാഥ്,

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സെറിബ്രൽ പാൾസി, സംസാര വൈകല്യം ശാരീരിക വൈകല്യം എന്നീ വിഭാഗങ്ങളിലുള്ള കുട്ടികളെ ഐ.ഇ.ഡി. എസ്.എസ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; ടി സ്കീമിൽ നിലനിലുള്ള ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് ഏതെല്ലാം ധനസഹായമാണ് ലഭിക്കുന്നത്; 2016-17 സാമ്പത്തിക വർഷത്തിൽ സമയബന്ധിതമായി ഗ്രാൻറ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ: | എ) | സെറിബ്രൽ പാൾസി, സംസാര വൈകല്യം ശാരീരിക വൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇപ്പോൾത്തന്നെ ഐ.ഇ.ഡി.എസ്.എസ് പദ്ധതിയിൻകീഴിൽ ഉൾപ്പെട്ടിട്ടുണ്ട്.ബുക്ക് & സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, എസ്കോർട്ട് അല വൻസ്,യാത്രാബത്ത, ഹോസ്റ്റൽ അലവൻസ്, പെൺകുട്ടികൾക്കുള്ള പ്രത്യേക ധനസഹായം, സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകി വരുന്നു. കൂടാതെ കാഴ്ചയില്ലാത്ത കുട്ടികൾക്ക് വായനാ സഹായിക്കുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു.2016-17 വർഷവും ധനസഹായം നൽകുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി നോക്കി വരുന്ന ഐ.ഇ.ഡി. എസ്.എസ് സ്കീമിൽപ്പെട്ട റിസോഴ്സ് | ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ. ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി 725 റിസോഴ്സ് അദ്ധ്യാപകരെയാണ് എം.എച്ച്. ആർ.ഡി അനുവദിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| | അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ: താല്ക്കാലികമായി ജോലി നോക്കിയിരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ഈ അദ്ധ്യയന വർഷത്തിൽ പുനർ നിയമനം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാവുമോ; വിശദമാക്കുമോ; | കൂടാതെ 140 റിസോഴ്സ് അദ്ധ്യാപകരെ 2016-17 വർഷം അധികമായി അനുവദിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥ യില്ല. സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) നം.1275/2016/ പൊ.വി.വ തീയതി: 31.3.2016 പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തേണ്ടതില്ലയെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2016-17 വർഷം റിസോഴ്സ് അദ്ധ്യാപകരെ പുനർ നിയമിക്കുന്നതിൽ യാതൊരു വീഴ്ചയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലും 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ഐ.ഇ.ഡി.എസ്.എസ് പദ്ധതി 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമാക്കി മാറ്റിയതുമൂലം ഉണ്ടായ വിഷയത്തിൽ തീരുമാനം എടുക്കേണ്ടതിനാലും ആണ് നിയമനം വൈകിയത്. 2015-16 ൽ ജോലി ചെയ്തിരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് 2016-17 വർഷവും നിയമനം നൽകുന്നതിന് 8.6.2016 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 13.6.2016 ന് നിയമന ഉത്തരവും നൽകിയിട്ടുണ്ട്. |
| സി) | താല്ക്കാലിക റിസോഴ്സ് അദ്ധ്യാപകർക്ക് മറ്റ് താൽക്കാലിക സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നപോലെ ശമ്പളം | സി) ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർ ഓരോ വർഷത്തേയ്ക്കും |

| | | | |
|---|---|---|---|
| | നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യഥാസമയം ശമ്പളം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | | കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. തുടർന്നുള്ള വർഷങ്ങളിൽ ടി നിയമനത്തിൽ അവകാശവാദം ഉന്നയിക്കില്ലെന്ന വ്യവസ്ഥയിന്മേലാണ് നിയമനം നൽകി വരുന്നത്. പ്രതിമാസം 28,815/- രൂപയാണ ഇവർക്ക് ഇപ്പോൾ നൽകി വരുന്ന വേതനം. ശമ്പളത്തിന്റെ 60% കേന്ദ്രഗവൺമെന്റാണ് നൽകി വരുന്നത്. സംസ്ഥാനത്തെ മറ്റു താൽക്കാലിക ജീവനക്കാർക്ക് നൽകി വരുന്നതു പോലെയുള്ള ശമ്പളം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് നൽകാൻ കഴിയില്ല. എം.എച്ച്.ആർ.ഡി.യിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്കാണ് ഇവരുടെ ശമ്പളം നൽകി വരുന്നത്. |
| ഡി) | കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയിൽ ജോലി ചെയ്യുന്ന പ്രസ്തുത റിസോഴ്സ് അദ്ധ്യാപകർക്ക് കേന്ദ്രം അനുവദിച്ചിട്ടുള്ള പ്രതിമാസ വേതനം എത്രയെന്ന് വ്യക്തമാക്കാമോ; ടി തുക ഇവർക്ക് ലഭ്യമാക്കുന്നതിന് തടസ്സമുണ്ടോ? | ഡി) | ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് എം.എച്ച്.ആർ.ഡി. അംഗീകരിച്ച പ്രതിമാസ ശമ്പളം 28,815/- രൂപയാണ്. ടി തുകയുടെ 60% മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. എം.എച്ച്.ആർ.ഡി. തുക അനുവദിക്കുന്ന മുറയ്ക്കു മാത്രമേ ശമ്പളം അനുവദിക്കാനാകൂ. ഈ വ്യവസ്ഥ അംഗീകരിച്ചുകൊണ്ടാണ് റിസോഴ്സ് അദ്ധ്യാപകർ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ